## സബ്മിഷൻ

### കാഷ്യൂ ബോർഡ് രൂപീകരണം

ശ്രീ. പി. കെ. ഗുരുദാസൻ: സർ, കൊല്ലം ആസ്ഥാനമാക്കി കാഷ്യൂ ബോർഡ് രൂപീകരിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. കശുവണ്ടി വ്യവസായത്തിന്റെ കേന്ദ്രമാണ് കേരളം. നമ്മുടെ രാജ്യത്ത് 4278 കോടി രൂപയുടെ അണ്ടിപ്പരിപ്പ് കയറ്റുമതി ചെയ്യുന്നുണ്ട്. ഉല്പാദിപ്പിക്കുന്നതും ഇറക്കുമതി ചെയ്യുന്നതുമായിട്ടുള്ള 12 ലക്ഷം മെട്രിക് ടൺ തോട്ടണ്ടിയാണ് രാജ്യത്ത് സംസ്കരിക്കുന്നത്. അങ്ങനെ സംസ്കരിക്കുന്നതിൽ 70 ശതമാനം കേരളത്തിൽ നിന്നാണ്. കയറ്റുമതിയിൽ 92 ശതമാനവും കേരളത്തിൽ നിന്നാണ്. 92 ശതമാനമെന്നു പറയുന്നതിൽ 64 ശതമാനം കൊച്ചി, 25 ശതമാനം തൂത്തുക്കുടി, 9 ശതമാനം മംഗലാപുരം, 2 ശതമാനം വിശാഖപട്ടണം, ഗോവ, ചെന്നൈ എന്നീ തുറമുഖങ്ങളിൽ നിന്നുമാണ്. ഈ രീതിയിലാണ് കയറ്റുമതി ചെയ്യുന്നത്. കയറ്റുമതി പ്രധാനമായും നടത്തിക്കൊണ്ടിരിക്കുന്നത് കൊല്ലം ആസ്ഥാനമായുള്ള വ്യവസായികളാണ് നമ്മുടെ രാജ്യത്ത് വലിയ തോതിൽ വിദേശനാണ്യം നേടിത്തരുന്ന ഒരു വ്യവസായമെന്നുള്ള നിലയിൽ കാഷ്യൂ ബോർഡ് രൂപീകരിക്കണമെന്നുള്ള ആവശ്യം വളരെ വർഷങ്ങളായി ഉന്നയിക്കപ്പെടുന്നതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഈ വിഷയം ശക്തമായി ഉന്നയിച്ചു. സംസ്ഥാന ഗവൺമെന്റ് ആ കാര്യത്തിൽ മുൻകയ്യെടുക്കുകയും ചെയ്തു. അന്നത്തെ കേന്ദ്ര വാണിജ്യ വകുപ്പുമന്ത്രി ശ്രീ. കമൽനാഥ് ഇക്കാര്യത്തിൽ

അനുകൂലമായ തീരുമാനം കൈക്കൊണ്ടതാണ്. അന്ന് മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവുംകൂടി സംയുക്തമായി കേന്ദ്ര ഗവൺമെന്റിനെ സമീപിച്ച് അതിനുവേണ്ടി നിവേദനം കൊടുത്തിരുന്നു. പക്ഷേ ആദ്യത്തെ യു.പി.എ. ഗവൺമെന്റ് ഇതിന് ചില തടസ്സങ്ങളുണ്ട്, കൃഷിവകുപ്പും എക്സ്പെൻഡിച്ചർ കമ്മിറ്റിയും ഇതിന് അനുകൂലമായ നിലപാട് സ്വീകരിക്കുന്നില്ല എന്ന മറുപടിയാണ് തന്നത്. ശരിക്കും പറഞ്ഞാൽ കൃഷി വകുപ്പ് കേരളത്തിൽ കശുമാവ് കൃഷിവികസനത്തിനുവേണ്ടി നാലു വർഷം കൊണ്ട് ചെലവഴിക്കുന്നതിനായി 58 കോടി രൂപ അനുവദിച്ചിരുന്നു. മൂന്നു വർഷം പിന്നിട്ടു, കഴിഞ്ഞ വർഷം അതിന്റെ നടപടികളൊന്നും ഫലപ്രദമായി ശ്രീ. പി. കെ കുഞ്ഞാലിക്കുട്ടി സ്വീകരിച്ചിട്ടില്ല.

<u>മി. സ്പീക്കർ</u>: യെസ്... ബഹുമാനപ്പെട്ട മുഖ്യമന്ത്രി.

<u>ശ്രീ. പി. കെ. ഗുരുദാസൻ</u>: ഞാൻ പറഞ്ഞുതീർന്നിട്ടില്ല.

<u>മി. സ്പീക്കർ</u>: നോ, നോ, ഞാൻ അങ്ങനെ ഇടപെടുന്നതല്ല. ഒരു മിനിട്ട് എന്നു ഞാൻ പറഞ്ഞു. അങ്ങ് രണ്ട് മിനിട്ടെടുത്തു. നമുക്ക് ഇത് തീർക്കണ്ടേ. ഒരുപാട് വിഷയമുണ്ട്. അങ്ങ് കൊല്ലത്ത് കാഷ്യൂ ബോർഡ് വരണമെന്ന് പറഞ്ഞുകഴിഞ്ഞു. വിഷയം പറഞ്ഞു. പ്ലീസ്....

<u>ശ്രീ. പി. കെ. ഗുരുദാസൻ</u>: മുഖ്യമന്ത്രിക്കു മറുപടി പറയാൻതന്നെ ഒരുപാട് സമയം വേണ്ടിവരും.

<u>മി. സ്പീക്കർ</u>: അതിന് ആധാരമായ കാര്യങ്ങളെല്ലാം സബ്മിഷനിലൂടെ പറയുക സാധ്യമല്ല. അങ്ങ് മിനിസ്റ്ററായിരുന്ന ആളല്ലേ?

ശ്രീ. പി. കെ. ഗുരുദാസൻ: കശുവണ്ടി വ്യവസായത്തിൽ മൂന്നു ലക്ഷത്തിലധികം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. അതിൽ 98 ശതമാനം സ്ത്രീകളാണ്. കശുവണ്ടിമേഖലയിലെ തൊഴിലാളി സംഘടനകളിൽ ഒരു സംഘടനയുടെ പ്രസിഡണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. അതിന്റെ പ്രാധാന്യമുണ്ട്. അതുപോലെ കഴിഞ്ഞ ദിവസം അവിടെ നടന്ന ഒരു സമരത്തിൽ, കെ.പി.സി.സി. പ്രസിഡണ്ട് ശ്രീ. രമേശ് ചെന്നിത്തല അവിടെ വന്ന് കാഷ്യൂ ബോർഡ് സ്ഥാപിക്കുമെന്ന് പറഞ്ഞു.

മി. സ്പീക്കർ: അങ്ങനെ ഓരോരോ കാര്യങ്ങളുണ്ടാകും, അതൊക്കെ സ്വഭാവികമാണ്. പ്ലീസ്....

ശ്രീ. പി. കെ. ഗുരുദാസൻ: പക്ഷേ കേന്ദ്ര ഗവൺമെന്റ് ഇക്കാര്യത്തിൽ വിരുദ്ധ നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട സി. എം., അങ്ങ് മറുപടി പറയൂ. മെമ്പർ പറയാനുള്ളതെല്ലാം പറഞ്ഞുകഴിഞ്ഞു.

ശ്രീ. പി. കെ. ഗുരുദാസൻ: കശുവണ്ടി നമ്മുടെ ആഹാരസാധനമാണ്. ഹാർട്ട് ഫ്രണ്ട്ലിയാണ്, അതുപോലെ കൊളസ്ട്രോൾഫ്രീയാണ്.

മി. സ്പീക്കർ: അങ്ങയെപ്പോലെ സീനിയറായ ഒരാളെ നിയന്ത്രിക്കുന്നതിന് എനിക്ക് വ്യക്തിപരമായി ബുദ്ധിമുട്ടുണ്ട്. അതുകൂടി അങ്ങ് മനസ്സിലാക്കണം.

ശ്രീ. പി. കെ. ഗുരുദാസൻ: മുഖ്യമന്ത്രി പറയട്ടെ, പക്ഷേ ഇക്കാര്യം സാധിതമാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യം സംസ്ഥാനഗവൺമെന്റ് വർഷങ്ങളായി കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടുന്ന കാര്യമാണ്. ക്യാഷ്യൂ ബോർഡ് നമുക്ക്ഏറ്റവും ആവശ്യമാണ്. കശുവണ്ടി കൃഷി മുതൽ കശുവണ്ടിപരിപ്പിന്റെ വിപണനത്തിനുവരെ ഈ ബോർഡ് ആവശ്യമാണ്. കൃഷി, കശുവണ്ടിയുടെ ഉൽപ്പാദനം, പ്രോസസ്സിംഗ്, അതിന്റെ വിപണനം തുടങ്ങിയ കാര്യങ്ങൾ നോക്കുന്നതിന് ക്യാഷ്യൂ ബോർഡ് ആവശ്യമാണ്. ഇന്ന് കശുവണ്ടി വ്യവസായത്തിന്റെ 75 ശതമാനവും കൊല്ലത്താണ്. അതുകൊണ്ട് ഈ ബോർഡിന്റെ ആസ്ഥാനം കൊല്ലം തന്നെയായിരിക്കണമെന്നുള്ള നിലപാടാണ് ഗവൺമെന്റിനുള്ളത്. ഈ കാര്യം പലവട്ടം കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുണ്ട്. വീണ്ടും പ്രധാനമന്ത്രിയുടെയും വാണിജ്യകാര്യ വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. പ്ലാനിംഗ് കമ്മീഷൻ കശുവണ്ടി ബോർഡിന് ഗ്രീൻ സിഗ്നൽ നൽകി കഴിഞ്ഞു. ഇനി ഗവൺമെന്റ് തലത്തിലുള്ള ഒരു അംഗീകാരമാണ് വേണ്ടത്. അത് എത്രയും വേഗം വാങ്ങിയെടുക്കാൻ എല്ലാ ശ്രമങ്ങളും നടത്തുന്നതാണ്.

## **സെക്രട്ടേറിയറ്റിൽ അസിസ്റ്റന്റ് തസ്തിക**

ശ്രീ. ഹൈബി ഈഡൻ : സർ, അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരെ ബാധിക്കുന്ന രണ്ട് പ്രധാന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്. രൂക്ഷമായ തൊഴിലില്ലായ്മക്കും ഫലത്തിൽ നിയമനനിരോധനത്തിനും തുല്യമായ അതിഭീകരമായ സാഹചര്യം സൃഷ്ടിക്കുന്നവിധത്തിലാണ് കേരളത്തിലെ വിവിധ വകുപ്പുകളിലെ തലവന്മാർ പി.എസ്.സി. -ക്ക് വേക്കൻസി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. സർക്കാരിന്റെ നയവും നീതി ബോധത്തോടുകൂടിയുള്ള ഇടപെടലുകളും മനസ്സിലാക്കാതെ മുഴുവൻ അഭ്യസ്തവിദ്യരായ യുവജനങ്ങളെയും സർക്കാരിനെതിരാക്കുന്ന വിധത്തിലാണ് വേക്കൻസി റിപ്പോർട്ട് ചെയ്തിട്ടുള്ള്. വിവരാവകാശ നിയമപ്രകാരം നൽകപ്പെട്ട മറുപടിയിൽ വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും വിരമിക്കുന്നവരിൽ വെറും 39 പേരാണ് ഇതിൽ കാണിച്ചിട്ടുള്ളത്. 2013 ജനുവരി ഒന്നു മുതൽ 2013 ഡിസംബർ 31 വരെ പ്രതീക്ഷിക്കുന്ന ഒഴിവുകൾ 2012 ജൂൺ ഒന്നിനുമുമ്പ് റിപ്പോർട്ട് ചെയ്യണമെന്ന് സർക്കാർ ഉത്തരവിറക്കിയിരുന്നു. സാധാരണഗതിയിൽ 15,000 മുതൽ 20,000 വരെ തസ്തികകളാണ് വരാറുള്ളത്. എറണാകുളം, തിരുവനന്തപുരം, പത്തനംതിട്ട, തൃശ്ശൂർ, ഇടുക്കി, പാലക്കാട്, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ ഒരു ഒഴിവുപോലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ വിശദാംശങ്ങളും പറയുന്നുണ്ട്. ജൂൺ 30-ന് മുമ്പ് സെക്രട്ടേറിയറ്റിലെ അതാത്

ഭരണ വിഭാഗവും പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് വിഭാഗവും സമർപ്പിക്കുന്ന നിർദ്ദേശങ്ങളാണ്. അതുപോലും പാലിക്കപ്പെട്ടിട്ടില്ല. അതുപോലെ സൂപ്പർന്യൂമററി ഒഴിവുകൾ - ഈ വർഷം കൂടി തുടരുമെന്ന് സർക്കാർ വ്യക്തമാക്കിയെങ്കിലും ഏപ്രിൽ മാസത്തിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തത് 18 സൂപ്പർ ന്യൂമററി ഒഴിവുകൾ മാത്രമാണ്. മെയ് മാസത്തിൽ 16 ആയി കുറഞ്ഞു. ജൂണിലെ കണക്ക് ലഭ്യമാക്കിയിട്ടില്ല. അതോടൊപ്പം മുമ്പ് പി.എസ്.സി. നടത്തിയിരുന്ന സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് പരീക്ഷകൾക്ക് ബിരുദമായിരുന്നു അടിസ്ഥാനയോഗ്യതയെങ്കിൽ ഇപ്പോൾ ബിരുദവും അതോടൊപ്പംതന്നെ ഡി.സി.എ. (ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ) -യുമാണ് യോഗ്യത.

മി. സ്പീക്കർ : ......യെസ് പ്ലീസ്....... രണ്ട് മിനിട്ട് എടുത്തല്ലോ?

ശ്രീ. ഹൈബി ഈഡൻ : സർ, പ്രധാനപ്പെട്ട വിഷയമാണ്. മുഖ്യമന്ത്രിക്ക് ഈ വിഷയം അറിയാവുന്നതാണ്. അതിന് അനുകൂലമായ ഒരു നടപടി, ഈ കോഴ്സ് സംബന്ധിച്ച് യുവജനങ്ങൾക്ക് ആ ഓർഡർ ഇറങ്ങിയ ആ ദിവസം മുതൽ അവർക്ക് ഉദ്യോഗം നഷ്ടപ്പെടാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) സർ, ബഹുമാനപ്പെട്ട മെമ്പർ രണ്ട് കാര്യങ്ങളാണ് പറഞ്ഞത്. രണ്ടാമത് പറഞ്ഞതിന് ഞാൻ ആദ്യം മറുപടി പറയുകയാണ്. ഡി.സി.എ. യോഗ്യതകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള

ആദ്യ വിജ്ഞാപനമെന്ന നിലയ്ക്ക് സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തിക ക്കുള്ള വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ ഡി.സി.എ. സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് സാവകാശം വേണമെന്ന് പറഞ്ഞത് ന്യായമായ ആവ ശ്യമാണ്. അതുകൊണ്ട് സർട്ടിഫിക്കറ്റ് പരിശോധനാവേളയിൽ ഡി.സി.എ. സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മതിയെന്ന സാവകാശം ഉദ്യോഗാർത്ഥി കൾക്ക് നൽകാൻ സർക്കാർ തലത്തിൽ തീരുമാനിക്കുകയും പ്രസ്തുത തീരുമാനം നടപ്പിലാക്കാൻ 10-7-2012-ൽ കത്തുമുഖേന ആവശ്യമായ നട പടികൾ സ്വീകരിക്കാൻ കേരള സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടി ട്ടുമുള്ളതാണ്. അവർക്ക് ഈ സാവകാശം കൊടുക്കേണ്ടത് തികച്ചും ന്യാ യമാണ്. അതൊക്കെ ലഭിക്കും എന്നുള്ള കാര്യം ഗവൺമെന്റ് ഉറപ്പ് വരു ത്തുന്നതാണ്. ഈ വേക്കൻസി മുഴുവനും റിപ്പോർട്ട് ചെയ്യുന്നില്ല എന്നു പറഞ്ഞിട്ടുള്ളത് ഗവൺമെന്റ് ഗൗരവമായി കാണുന്നു. അത് പ്രത്യേകം പരിശോധിക്കും. ബഹുമാനപ്പെട്ട മെമ്പർ ഒരു നമ്പർ പറഞ്ഞത് യാഥാർത്ഥ്യവുമായി ഒരു വിധത്തിലും ബന്ധപ്പെടാൻ പാടില്ലാത്തതാണ്. അത് എങ്ങനെ സംഭവിച്ചു എന്നുള്ളത് ഗൗരവമായിക്കണ്ട് അത് പരിശോ ധിക്കുന്നാതാണ്.

**വീട്ടമ്മയുടെ നേർക്കുള്ള പീഡനശ്രമം**

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഏറ്റവും ലജ്ജാകരമായിട്ടുള്ള ഒരു കാര്യത്തെ സംബന്ധിച്ച് ഈ സഭയിൽ പറയുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഇന്നലെ കർക്കിടകവാവായിരുന്നു. ഭാരതപ്പുഴയിൽ ബലിദർപ്പണത്തിനായി എത്തിച്ചേർന്ന അമ്മയും മകളും ബലിദർപ്പണം കഴിഞ്ഞ് ബസ്സിൽ യാത്ര ചെയ്യുകയായിരുന്നു. ചെറുതുരുത്തിയിൽനിന്നും തൃശ്ശൂരിലേക്കുള്ള ബസ്സിൽ യാത്ര ചെയ്യുന്ന സന്ദർഭത്തിൽ ആ ബസ്സിൽവച്ച് അവരെ അതിഭീകരമായി പീഡിപ്പിക്കപ്പെട്ടു. സുബ്രഹ്മണ്യൻ എന്നുപേരുള്ള ഒരു പോലീസ് സർക്കിൾ ഇൻസ്പെക്ടറാണ് വിധവയായ സ്ത്രീയെ പീഡിപ്പിച്ചത്. .......(ബഹളം)...

മി. സ്പീക്കർ : അതല്ലെ അടിയന്തര പ്രാധാന്യമുള്ളതുകൊണ്ടാണ് മുൻ സ്പീക്കർ അവതരിപ്പിക്കുന്നത്. അദ്ദേഹം പറയുന്നത് കേൾക്കൂ.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഈ പോലീസ് ഓഫീസർ മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് അതിവേഗ സുരക്ഷാ നടപടിനിർവ്വഹണ ഉദ്യോഗസ്ഥനാണ്. അതിവേഗത്തിൽ സുരക്ഷാ നടപടികൾ സ്വീകരിക്കേണ്ട ഉദ്യോഗസ്ഥൻ തന്നെയാണ് ഒരു വിധവയായ വീട്ടമ്മയെ അതിഭീകരമായി പീഡിപ്പിച്ചിരിക്കുന്നത്. .......(ബഹളം).......ഇദ്ദേഹത്തെ ഇന്നലെ പോലീസ് അറസ്റ്റ് ചെയ്തു. പോലീസ് അറസ്റ്റ് ചെയ്ത് വിട്ടയച്ചിരിക്കുകയാണ്. ഇതുപോലുള്ള കാര്യങ്ങൾ നമ്മുടെ സംസ്ഥാനത്ത് വ്യാപകമായി ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നാണ് കോഴിക്കോടുനിന്ന് റിപ്പോർട്ട് കിട്ടി

ക്കൊണ്ടിരിക്കുന്നത്. കോഴിക്കോട് ജില്ലാ പഞ്ചായത്ത് അംഗമായിട്ടുള്ള അനിതയെ ഈ രീതിയിൽതന്നെ, സമാനമായ രീതിയിൽത്തന്നെ പീഡിപ്പിക്കാൻ ഒരു പോലീസുകാരൻ ശ്രമിച്ചു എന്നാണ് വാർത്തകൾ വന്നുകൊണ്ടിരിക്കിക്കുന്നത്. വേലി തന്നെ വിള തിന്നുന്ന സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ പോകുകയാണ്. നമ്മുടെ കേരളം എങ്ങോട്ടാണ് പോകുന്നത്. പോലീസുദ്യോഗസ്ഥന്മാർ തന്നെ ഇത്തരത്തിലുള്ള പീഡനത്തിന് നേതൃത്വം കൊടുക്കുന്നു എന്നുള്ളതാണ് ഏറ്റവും അപമാനകരമായ കാര്യം. തീർച്ചയായും ഇത്തരം സംഭവങ്ങൾ നമ്മുടെ സമൂഹത്തിൽ മേലിൽ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് സന്നദ്ധമാകണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്........(ബഹളം)..........

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)</u> : സർ, ഇവിടെ ബഹുമാനപ്പെട്ട മുൻ സ്പീക്കർ കൂടിയായ ശ്രീ. കെ. രാധാകൃഷ്ണൻ പറഞ്ഞ സബ്മിഷനിൽ യഥാർത്ഥത്തിൽ ഗവൺമെന്റ് അക്കാര്യത്തിൽ എടുക്കേണ്ട നടപടി എടുക്കും. അതിന് ഒരു സംശയവുംവേണ്ട. ശക്തമായ നടപടി സ്വീകരിക്കും. അവിടെ ഉണ്ടായ സംഭവത്തെക്കുറിച്ച് സമയചുരുക്കംകൊണ്ട് ഞാൻ ആവർത്തിച്ച് പറയുന്നില്ല. പക്ഷേ, ഈ സംഭവം സംബന്ധിച്ച് ........(ബഹളം).....അതിന്റെ വിശദീകരണം എനിക്കുണ്ട്. .....(ബഹളം)... നിയമസഭയിൽ പറയാൻ കൊള്ളാത്തതും എന്നാൽ നിയമസഭയ്ക്ക് മനസ്സിലാക്കാൻ ഞാൻ പറയാം

പി.ഇ. ഉഷയോട് പണ്ട് ചെയ്തതുപോലെയുള്ള ഒരു സംഭവമാണ്. അതു തന്നെ .........(ബഹളം)......അതെ... കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ പി.ഇ. ഉഷയോണ് പണ്ട് ചെയ്തതുപോലെയുള്ള ഒരു സംഭവം എനിക്ക് അതിൽകൂടുതൽ പറയാനില്ല. ....(ബഹളം)......കേൾക്കൂ......കേൾക്കൂ...

മി. സ്പീക്കർ : യെസ്....യെസ്.......(ബഹളം).........യെസ്.....പ്ലീസ്...(ബഹളം).......

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : സർ, പിതൃദർപ്പണത്തിനുപോയി തിരിച്ചുവരുന്ന മാന്യയായ ഒരു സ്ത്രീയെ അപമാനിച്ച ഈ പോലീസുദ്യോഗസ്ഥനെ സസ്പെന്റ് ചെയ്ത് അന്വേഷണം നടത്താൻ സന്നദ്ധത ഉണ്ടാകണം. അതാണ് ആഭ്യന്തരമന്ത്രിയിൽ നിന്ന് അറിയേണ്ടത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങ് പറയുന്നതിനുമുമ്പുതന്നെ ആ പോലീസുദ്യോഗസ്ഥനെ സസ്പെന്റ് ചെയ്ത് കഴിഞ്ഞിരിക്കും. രണ്ട്, ആ പോലീസുദ്യോഗസ്ഥനെതിരായി അതിശക്തമായ ഒരു criminal attitude എടുത്താൽ എന്ത് ചെയ്യുമോ അതേരൂപത്തിലുള്ള അതിശക്തമായ നടപടി ഇനിയും തുടരുന്നതാണ്. മൂന്ന്, ആ പോലീസുദ്യോഗസ്ഥനെതിരെ ഗവൺമെന്റിന് നിയമപരമായി ചെയ്യാവുന്ന എല്ലാ നപടിയും ചെയ്യും. നാലാമത്, ഗവൺമെന്റിന്റെ നയത്തിന് വിരുദ്ധവും ഗവൺമെന്റിന്റെ സമീപനത്തിന് വിരുദ്ധവുമായി പോകുന്ന ഒരു ഉദ്യോഗസ്ഥനോടും ഒരു ദാക്ഷണ്യവും ഈ ഗവൺമെന്റ് ചെയ്യുന്ന പ്രശ്നമേ ഇല്ല.

അതുകൊണ്ട് അങ്ങ് പറഞ്ഞ ഈ കാര്യത്തിൽ  ഗവൺമെന്റ് വളരെ ശക്ത

മായ നടപടിയെടുക്കും.

**പ്രൈമറി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തൽ**

ശ്രീ. ബെന്നി ബെഹനാൻ: സർ, എറണാകുളം ജില്ലയുടെ ആസ്ഥാനമായ കാക്കനാട് പൊതുജനാരോഗ്യരംഗത്ത് ഒരു നല്ല ആശുപത്രിപോലുമില്ല. ആകെയുള്ളത് ഒരു ഹെൽത്ത് സെന്റർ മാത്രമാണ്. ആയിരക്കണക്കിന് തൊഴിലാളികളും ഒട്ടേറെ ആളുകളും കാക്കനാട് പ്രവർത്തിക്കുന്ന ഹെൽത്ത് സെന്ററിനെയാണ് ആശ്രയിക്കുന്നത്. ഈ പ്രൈമറി ഹെൽത്ത് സെന്ററിന് വേണ്ടത്ര സ്ഥലമുണ്ട്. ജില്ലാ ആസ്ഥാനത്ത് താലൂക്ക് ആശുപത്രിയുടെ നിലവാരത്തിലുള്ള ഒരു ആശുപത്രിയെങ്കിലും വേണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതിനു വേണ്ട കെട്ടിടം, എം.എൽ.എ ഫണ്ട് ഉപയോഗിച്ച് പണിതു തരാം, സ്ഥലവും സംഘടിപ്പിച്ചുതരാം. ഈ പ്രൈമറി ഹെൽത്ത് സെന്ററിനെ താലൂക്ക് ആശുപത്രിയാക്കി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, എറണാകുളം ജില്ലയിൽ, തൃക്കാക്കര മുനിസിപ്പാലിറ്റിയിൽ പ്രവർത്തിച്ചുവരുന്ന കാക്കനാട് പി.എച്ച്.സി-ക്ക് സ്വന്തമായി 50 സെന്റോളം സ്ഥലമുണ്ട്. നിലവിലുള്ള കെട്ടിടത്തിൽ ഒ.പി/ഐ.പി., ഓഫീസുകൾ പ്രവർത്തിച്ചുവരുന്നു. ഇവിടെ അനുവദിക്കപ്പെട്ടിട്ടുള്ള കിടക്കകളുടെ എണ്ണം 24 ആണ്. ശരാശരി 150-200 ഒ.പി-യും

10 ഐ.പി-യും ഉണ്ടാകാറുണ്ട്. നിലവിൽ ഇവിടെ 3 ഡോക്ടർമാർ ജോലി ചെയ്തുവരുന്നു. ലാബ് ടെക്നീഷ്യന്റെ തസ്തിക നിലവിലില്ല. എൻ. ആർ.എച്ച്.എം വഴി നിയമിച്ച ലാബ് ടെക്നീഷ്യന്റെ സേവനം പ്രയോജന പ്പെടുത്തിയാണ് ലാബ് പ്രവർത്തിപ്പിക്കുന്നത്. ഈ പി.എച്ച്.സി-ക്ക് അടു ത്തായി തൃക്കാക്കര സഹകരണ ആശുപത്രി പ്രവർത്തിക്കുന്നുണ്ട്. തൃപ്പൂ ണിത്തുറ, ആലുവ തുടങ്ങിയ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി കൾ ഇവിടെ നിന്നും യഥാക്രമം 10 കി.മീ, 13 കി.മീ ദൂരപരിധിക്കുള്ളിലാ ണ്. കൂടാതെ എറണാകുളം ജനറൽ ആശുപത്രി 10 കി.മീ ദൂരത്തിലും കളമശ്ശേരി സഹകരണ മെഡിക്കൽ കോളേജ് 5 കി.മീ. ദൂരത്തിലും സ്ഥിതി ചെയ്യുന്നു. താലൂക്ക് ആശുപത്രി പ്രവർത്തിപ്പിക്കണമെങ്കിൽ കുറ ഞ്ഞത് 2 ഏക്കർ സ്ഥലം ആവശ്യമുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ സ്ഥലസൗകര്യവും മറ്റ് ഭൗതിക സാഹചര്യ ങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് കാക്കനാട് പി.എച്ച്.സി-യെ താലൂക്ക് ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്ന കാര്യം പരിഗണിക്കാവുന്നതാണ്. അതോടൊപ്പംതന്നെ ഡോക്ടർമാരുടെ കുറവുണ്ടെങ്കിൽ താത്ക്കാലിക മായി ഡോക്ടർമാരെ നിയമിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**പച്ചത്തേങ്ങ സംഭരണം**

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, 1995 വരെ 830 കോടി നാളികേരം സംഭരിച്ചുകൊണ്ട് കേരളം ഒന്നാം സ്ഥാനത്തായിരുന്നത് ഇപ്പോൾ 600 കോടിയായി ചുരുങ്ങിയിരിക്കുകയാണ്. രോഗംമൂലവും തെങ്ങുകൃഷിക്കാർ വളരെയധികം പ്രയാസം അനുഭവിക്കുന്നുണ്ട്. 25 വർഷം മുമ്പ് ഒരു തേങ്ങയ്ക്ക് ആറ് ഉറുപ്പിക കിട്ടിയിരുന്ന സ്ഥാനത്ത് 2 രൂപ മാത്രമാണ് ഒരു നാളികേര കർഷകന് ഇപ്പോൾ ലഭിക്കുന്നത്. മുമ്പൊക്കെ ചെറുകിട കർഷകർ കല്യാണം, വീടുപണി, മറ്റ് അടിയന്തരാവശ്യങ്ങളൊക്കെ ഇതു കൊണ്ട് നടത്തിയിരുന്നു, ഇന്ന് അതൊന്നും നടത്താൻ പറ്റാത്ത സ്ഥിതിയിലാണ്. സർക്കാർ ഇളനീർ ദേശീയ പാനീയമായി അംഗീകരിച്ചിട്ടുണ്ട്. കർഷകർക്ക് പെൻഷൻ നല്കാനും, തെങ്ങ് മുറിച്ചു മാറ്റുന്നതിനും മറ്റുമൊക്കെയുള്ള ചെലവുകളും കൊടുക്കുന്നുണ്ട്. അതൊക്കെ വളരെ ആശാസ്യകരമായ കാര്യങ്ങൾ തന്നെയാണ്. നാളികേര കർഷകരെ സംബന്ധിച്ചിടത്തോളം ഇതുകൊണ്ടുമാത്രം പ്രശ്നം തീരുന്നില്ല. ഇതിനെ മാത്രം ആശ്രയിച്ചുകഴിയുന്ന ഒരുപാട് കർഷകരുണ്ട്. ഇപ്പോൾ പച്ചത്തേങ്ങ സംഭരിക്കുന്നത് ജില്ലാ ആസ്ഥാനത്ത് മാത്രമാണ്. നാമമാത്ര കർഷകരെ സംബന്ധിച്ചിടത്തോളം ജില്ലാ ആസ്ഥാനത്ത് യാത്രചെയ്ത് തേങ്ങ കൊണ്ടുപോയി കൊടുക്കാൻ വളരെ ബുദ്ധിമുട്ടുള്ളതുകൊണ്ട് ഓരോ പഞ്ചായത്ത് ആസ്ഥാനത്തും തേങ്ങ സംഭരിക്കാൻ വേണ്ടിയുള്ള സംവിധാനം ഉണ്ടാക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ഉന്നയിക്കാ

നുള്ളത്. ഒരു തേങ്ങയ്ക്ക് ചുരുങ്ങിയത് 10 രൂപയെങ്കിലും ലഭിക്കുന്നതിനുള്ള നടപടികൂടി ഉണ്ടാകണം. കൊപ്രയ്ക്ക് 5100 ഉറുപ്പിക താങ്ങുവില നിശ്ചയിച്ചിട്ടുള്ളത് വളരെ അപര്യാപ്തമാണ്. അത് ചുരുങ്ങിയത് 10000 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കണം. അതുപോലെ തമിഴ്നാട്ടിലെ 'നീര' ഉൽപ്പാദനംപോലെ കേരളത്തിലും ഒരു പദ്ധതി ആരംഭിച്ചാൽ വളരെ ആശാസ്യകരമായിരിക്കും. പ്രാദേശികതലങ്ങളിൽ ഇളനീർ സൊസൈറ്റികളും ഇളനീർ സംഭരിച്ച് വിൽപ്പന നടത്തുന്നതിനുവേണ്ടിയുള്ള പാർലറുകളും ഉണ്ടാകുന്നത് വളരെ ഗുണപ്രദമായിരിക്കും. അതുകൊണ്ട് കേരളത്തിലെ നാളികേര കർഷകരുടെ നട്ടെല്ല് ഒടിഞ്ഞിരിക്കുന്ന ഈ സന്ദർഭത്തിൽ അവരെ സംരക്ഷിക്കുന്നതിനുവേണ്ടി ഗവൺമെന്റ് അടിയന്തരമായി യുദ്ധകാലാടിസ്ഥാനത്തിലുള്ള നടപടികളുമായി മുന്നോട്ടുവരണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, നാളികേര ഉത്പ്പന്നങ്ങൾ പ്രത്യേകിച്ച് തേങ്ങ സംഭരിക്കാനുള്ള നടപടികൾ നല്ലരീതിയിൽ എടുത്തുവരുന്നു. പക്ഷേ ചില സ്ഥലങ്ങളിൽനിന്ന് ശേഖരിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഉണ്ടാകുന്നില്ല. സൊസൈറ്റികൾ അതിന് മുന്നോട്ടുവരുന്നില്ല എന്നുള്ളതാണ് കാണാൻ കഴിയുന്നത്. ജില്ലാതല കമ്മിറ്റികൾ തെരഞ്ഞെടുത്തിട്ടുള്ള സഹകരണസംഘങ്ങളിലൂടേയും നാളികേര ഉത്പ്പാദകസംഘ

ങ്ങളിലൂടേയും കേര കർഷകരിൽനിന്ന് പച്ചത്തേങ്ങ സംഭരിക്കാനുള്ള നടപടികൾ കേരഫെഡ് മുഖേന സ്വീകരിച്ചുവരുന്നു. മാർക്കറ്റ്ഫെഡും സഹകരണസംഘങ്ങളും വഴി പച്ചത്തേങ്ങ സംഭരിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിലെ ആനയറ മൊത്തവ്യാപാര വിപണിയിലും കോഴിക്കോട് ജില്ലയിലെ എലത്തൂരിലും ഉള്ള മേഖലാ ഓഫീസുകളിൽ പച്ചത്തേങ്ങ സംഭരണത്തിനുള്ള നടപടികൾ കേരഫെഡ് സ്വീകരിച്ചിട്ടുണ്ട്. നാളിതുവരെയായി 35000 കിലോ പച്ചത്തേങ്ങ സംഭരിച്ചിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിലെ പെരുമാട്ടിയിലും മറ്റ് ജില്ലകളിൽ ജില്ലാ കളക്ടർമാർ തെരഞ്ഞെടുത്ത സംഘങ്ങളിലൂടെയും കോക്കനട്ട് ഡെവലപ്പ്മെന്റ് ബോർഡിന്റെ സൊസൈറ്റികൾ മുഖേനയും പച്ചത്തേങ്ങ സംഭരിക്കുകയാണ്. കൊടുവള്ളിയിലെ കർഷകരുടെ പച്ചത്തേങ്ങ എലത്തൂരിലുള്ള കേരഫെഡിന്റെ സംഭരണ കേന്ദ്രങ്ങളിൽ സംഭരിക്കാവുന്നതാണ്. എന്നാൽപോലും വളരെ അത്യാവശ്യമുള്ള സ്ഥലങ്ങളിൽ കൂടുതൽ സംഭരണകേന്ദ്രങ്ങൾ തുടങ്ങുന്ന കാര്യം പരിശോധിച്ച് ഈ കേന്ദ്രങ്ങളിൽ ഏഴ് ദിവസങ്ങൾക്കുമുമ്പ് സംഭരിക്കുന്ന സമയവും തീയതിയും മുൻകൂട്ടി അറിയിച്ചുകൊണ്ട് പച്ചത്തേങ്ങ സംഭരിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി, സൂപ്പർ ഫാസ്റ്റ്, പ്രൈവറ്റ് ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ

ശ്രീ. ഷാഫി പറമ്പിൽ: സർ, വിദ്യാർത്ഥികളുടെ കൺസഷനുമായി ബന്ധപ്പെട്ട് പ്രതിസന്ധി രൂപപ്പെട്ടിരിക്കുകയാണ്. 1989-ലെ കെ.എം.വി ആക്ട് പ്രകാരം 160 കി.മീറ്ററിനുള്ളിൽ സർവ്വീസ് നടത്തുന്ന ഫ്ളീറ്റ് ഓണർ ബസ്സുകൾക്കുമാത്രമാണ് സൂപ്പർ ഫാസ്റ്റ് അല്ലെങ്കിൽ എക്സ്പ്രസ്സാക്കാൻ അനുവാദം നൽകിയിരുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കോടതി ഇടപെടൽകൊണ്ടോ മറ്റോ ഒരു ബസ് ഉള്ള ആളുകൾക്കും ഈ അനുവാദം കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. മുഴുവൻ ബസ്സുകളും സൂപ്പർ ഫാസ്റ്റ് ആക്കിക്കൊണ്ടിരിക്കുമ്പോൾ അവിടെയൊന്നും വിദ്യാർത്ഥികൾക്ക് കൺസഷൻ ലഭിക്കുന്നില്ല. പ്രധാനമായും ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം, കട്ടപ്പന, കുട്ടിക്കാനം എന്നീ പ്രദേശങ്ങൾ ഹൈറേഞ്ചിലെ പ്രധാനപ്പെട്ട വിദ്യാഭ്യാസ കേന്ദ്രങ്ങൾ ആണ്. ഈ കേന്ദ്രങ്ങളിൽ സർവ്വീസ് നടത്തുന്ന ബസ്സുകൾ സൂപ്പർഫാസ്റ്റ് ആക്കി മാറ്റുമ്പോൾ വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കുന്നില്ല. ഇത് സംബന്ധിച്ച് ഗവൺമെന്റ് ഗൗരവമായി പരിശോധന നടത്തുമോ; പഴയ മാനദണ്ഡം തിരിച്ചുകൊണ്ടുവരാൻ കഴിയുമോ? അങ്ങയുടെ ജില്ലയായ മലപ്പുറത്ത് ഇന്നലെയും വിദ്യാർത്ഥികൾ സമരത്തിലായിരുന്നു. യൂണിവേഴ്സിറ്റി റൂട്ടിൽ സർവ്വീസ് നടത്തുന്ന ഓർഡിനറി ബസ്സുകളുടെ എണ്ണം വളരെ കുറവാണ്. അതെല്ലാം സൂപ്പർ ഫാസ്റ്റാക്കിക്കൊണ്ടിരിക്കുകയാണ്.

വിദ്യാർത്ഥികളുടെ രക്ഷയ്ക്കായി എന്തെങ്കിലും നയം ഗവൺമെന്റ് ഈ മേഖലയിൽ സ്വീകരിക്കുമോ?

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി ( ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം, ഫ്ളീറ്റ് ഓണർ ഡെഫനിഷന് മാറ്റം വരുത്തിക്കൊണ്ട് ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചു. ഫ്ളീറ്റ് ഓണർ, 50 എന്നുപറയുന്നത് കെ.എസ്.ആർ.ടി.സി-യെ മാത്രം സഹായിക്കാനാണ് എന്ന് ഹൈക്കോടതി ഉത്തരവിൽ പറഞ്ഞിട്ടുണ്ട്. അതിന്റെ ഫലമായി ഒറ്റ ബസ് ഉടമകൾവരെ ഫാസ്റ്റ് പാസഞ്ചറും സൂപ്പർ ഫാസ്റ്റുമായി മാറ്റുകയാണ്. വാസ്തവത്തിൽ എല്ലാ പ്രൈവറ്റ് ബസ്സുകാരും വിദ്യാർത്ഥികൾക്ക് കൺസഷൻ നൽകേണ്ടതാണ്. ഇതുമൂലം പല സ്ഥലങ്ങളിലും ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഇടുക്കി, മലപ്പുറം, എറണാകുളം, ആലപ്പുഴ തുടങ്ങി മറ്റ് പല ജില്ലകളിൽ നിന്നും പരാതികൾ വന്നിട്ടുണ്ട്. ചില മെമ്പർമാർ നേരിട്ട് പരാതി പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർതന്നെ ഇതിനുമുമ്പ് ഒന്നുരണ്ട് പ്രാവശ്യം പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അത് പരിശോധിക്കാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്. പഴയ രൂപത്തിൽ കൊണ്ടുവരാനുള്ള ശ്രമം നടത്തുന്നുണ്ട് എന്നുമാത്രമല്ല കെ.എസ്.ആർ.ടി.സി-യുടെ ഓർഡിനറി ബസ്സുകളൊന്നും സൂപ്പർഫാസ്റ്റ് ആക്കുന്നില്ല. അതിൽ മുഴുവനും ഈ സൗകര്യങ്ങൾ ചെയ്തുകൊടുക്കു

ന്നതാണ്. സ്വകാര്യ ബസ്സുകളിലും വിദ്യാർത്ഥികൾക്ക് കൺസഷൻ ലഭ്യമാക്കുന്നതിനുള്ള ശ്രമം ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്.

**വൈദ്യുതി കണക്ഷൻ മാറ്റി നൽകൽ**

ശ്രീമതി കെ. കെ. ലതിക: സർ, നമ്മുടെ സംസ്ഥാനത്ത് വസ്തു കൈമാറ്റം നടത്തുമ്പോൾ വിൽപ്പന നടത്തിയ വ്യക്തിയുടെ പേരിലുള്ള എല്ലാ അവകാശങ്ങളും ബാദ്ധ്യതകളും വാങ്ങിയ ആളിന് വന്നുചേരുന്നു. വാങ്ങിയ വസ്തുവിൽ വീടുണ്ടെങ്കിൽ അതിന്റെ അവകാശം ആവശ്യമായ രേഖകൾ നൽകിയാൽ തദ്ദേശ ഭരണസ്ഥാപനങ്ങൾ വാങ്ങിയ വ്യ ക്തിയുടെ പേരിൽ മാറ്റി നൽകുന്നു. എന്നാൽ വിൽപ്പന നടത്തിയ ആളുടെ പേരിലുള്ള വൈദ്യുതി കണക്ഷൻ വാങ്ങിയ വ്യക്തിക്ക് ലഭിക്കു ന്നതിന് പുതിയ കണക്ഷൻ എടുക്കുന്നതിനുള്ള എല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടി വരുന്നു. ഇത് ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാ ക്കുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ ഉത്തരവുകളുണ്ടാ കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, പുതിയ കണക്ഷനെടുക്കുന്നതിനുള്ള നടപടി നിലവിലുള്ള റൂൾ അനുസരിച്ച് കൈമാറ്റത്തിന് ആവശ്യമില്ല. ഒരു വസ്തു കൈമാറ്റം ചെയ്യു മ്പോൾ പത്ത് ഉറുപ്പികയുടെ അപേക്ഷാഫാറത്തിൽ കണക്ഷൻ മാറ്റിക്കിട്ടു ന്നതിന് അപേക്ഷിക്കണം. കൈമാറ്റമാണെങ്കിൽ 100 ഉറുപ്പിക പ്രോസ സിംഗ് ചാർജ്ജും അടയ്ക്കണം. ഇത് 2010-ൽത്തന്നെ വന്ന ഓർഡറാണ്. അതുപോലെ കണക്റ്റഡ് ലോഡ് വർദ്ധിക്കുന്നുണ്ടെങ്കിൽ മാത്രം സെക്യൂ

രിറ്റി അടച്ചാൽ മതി. ട്രാൻസ്ഫർ ചെയ്യുന്ന വ്യക്തി ഉടമസ്ഥാവകാശം മറുഭാഗത്ത് ഏൽപ്പിച്ചതിനുള്ള രേഖയും ഹാജരാക്കിക്കഴിഞ്ഞാൽ കൈവശാവകാശം മാറ്റി നൽകുന്നതാണ്. 2010 മുതലുള്ള ഓർഡറാണ്. പുതിയ കണക്ഷന് അപേക്ഷിക്കുന്ന ഫോർമാലിറ്റീസൊന്നും കൈമാറ്റത്തിന് ആവശ്യമില്ല. എവിടെയെങ്കിലും നിലവിലുള്ള ഈ വ്യവസ്ഥ നടപ്പാക്കുന്നില്ലെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് മുഖവിലയ്ക്കെടുത്ത് അതിനുള്ള നടപടി കൈക്കൊള്ളുന്നതാണ്.

**സമഗ്ര കുടിവെള്ള പദ്ധതി**

ശ്രീ. സി. മോയിൻകുട്ടി: സർ, മലബാറിൽ കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന, ഏറ്റവും രൂക്ഷമായ ഒരു പ്രദേശമാണ് എന്റെ മണ്ഡലമായ കാരശ്ശേരി, കൊടിയത്തൂർ, മുക്കം തുടങ്ങിയ പഞ്ചായത്തുകൾ. കിലോമീറ്ററോളം സഞ്ചരിച്ചാണ് ഒരുകുടം വെള്ളം കൊണ്ടുവരുന്നത്. സമൂഹത്തിലെ ഏറ്റവും ദുർബലരായ ആദിവാസികളും എസ്.സി./എസ്.ടി. വിഭാഗങ്ങളും താമസിക്കുന്ന പ്രദേശമാണ്. കഴിഞ്ഞ രണ്ടു തവണ എം.എൽ.എ. ആയിരുന്ന സന്ദർഭത്തിലും ഈ കാര്യം പലതവണ ഉന്നയിച്ചതാണ്. ഇത്തവണയും ഈ വർഷവും ഈ കാര്യങ്ങൾക്ക് വേണ്ടി അപേക്ഷിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി വളരെ അനുകൂലമായി ഇതു സംബന്ധിച്ച് പ്രതികരിച്ചിട്ടുമുണ്ട്. നബാർഡിന്റെ ആർ.ഐ.ഡി.എഫ്-18-ൽ പെടുത്തി മതിയായ രേഖകൾ ഉൾപ്പെടെ ഡീറ്റയിൽഡ് എസ്റ്റിമേറ്റ് റിപ്പോർട്ട് നൽകുന്നതിന് വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്കും ചീഫ് എഞ്ചിനീയർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സമഗ്ര കുടിവെള്ള പദ്ധതി എസ്.എൽ.ഇ.സി മുഖേന ആർ.ഐ.ഡി.എഫ്. -ൽ ഉൾപ്പെടുത്തണമെന്ന് മന്ത്രി ഉറപ്പുനൽകിയതാണ്. ഈ കാര്യത്തിൽ പല തവണ മന്ത്രിയുമായി ബന്ധപ്പെട്ട് അദ്ദേഹം അനുകൂലമായി പ്രതികരിച്ചതാണ്. ഈ കാര്യത്തിൽ അടിയന്തരമായി നടപടികൾ സ്വീകരിക്കണം. താരതമ്യേന വളരെ പിന്നോക്കം നിൽക്കുന്ന, ഈ മൂന്നു പഞ്ചായത്തുകളും ഇതിനാവശ്യമായ മുഴുവൻ സ്ഥലവും പൊന്നിൻവിലയ്ക്കെടുത്ത് നൽകാ

മെന്ന് ഉറപ്പുനൽകിയതാണ്. കൊടുവള്ളി മണ്ഡലത്തിലെ ഓമശ്ശേരി പഞ്ചായത്ത് ഉൾപ്പെടെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന നാല് പഞ്ചായത്തുകൾ ഒരു കോടിയിൽപ്പരം രൂപ മുതൽ മുടക്കി മതിയായ സ്ഥലം വാങ്ങിത്തരാമെന്ന് ഉറപ്പുനൽകിയതാണ്. വളരെ അടിയന്തരമായി സർവ്വേ നടത്തി തുടർ നടപടി സ്വീകരിക്കണമെന്നും ഇതിന് അനുകൂല മായി പ്രതികരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, തിരുവമ്പാടി നിയോജക മണ്ഡലത്തിലെ മുക്കം, കാരശ്ശേരി, കൊടിയത്തൂർ എന്നീ പഞ്ചായത്തുകളിലേയും കൊടുവള്ളി മണ്ഡലത്തിലെ ഓമശ്ശേരി പഞ്ചായത്തിലേയും ശുദ്ധജല വിതരണം നടത്താൻ ഉദ്ദേശിച്ച് 80 കോടി രൂപ അടങ്കൽ തുകയിൽ വിശദമായ റിപ്പോർട്ട് തയ്യാറാക്കി. 2012-ലെ എസ്.എൽ.എസ്.സി.-യിൽ സമർപ്പിച്ചെങ്കിലും അനുമതി ലഭിച്ചില്ല. പിന്നീട് നബാർഡിൽ ഉൾപ്പെടുത്തി രണ്ടു ഘട്ടങ്ങളിലായി ചെയ്യുന്നതിനും ശ്രമിച്ചിരുന്നു. ഫണ്ടിന്റെ അപര്യാപ്തത മൂലം ഇക്കൊല്ലത്തെ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞില്ല. അടുത്ത കൊല്ലത്തെ എസ്.എൽ.എസ്.സി. അല്ലെങ്കിൽ നബാർഡ് ഇതിലേതിലെങ്കിലും ഉൾപ്പെടുത്തുന്ന കാര്യം സജീവമായി പരിഗണിക്കുന്നതാണ്. തീർച്ചയായും ഇതിന് മുൻതൂക്കം കൊടുക്കുന്നതാണ്.

**വായ്പാതുക സർക്കാർ ഏറ്റെടുക്കൽ**

ശ്രീ. ഇ. പി. ജയരാജൻ: സർ, ഭവനരഹിതായ ദരിദ്രജനവിഭാഗങ്ങൾക്ക്, ഭവനം നൽകുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്തുകൾ കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് ഭവനശ്രീ എന്ന ഭവന നിർമ്മാണ പദ്ധതി. അതനുസരിച്ച് ഈ പദ്ധതിയിൽപ്പെടുന്നവർക്ക് അതിന്റെ വായ്പകൾ ഗവൺമെന്റ് നൽകുകയും അതിന്റെ ഭാഗമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. എന്നാൽ എന്റെ നിയോജകമണ്ഡലമായ മട്ടന്നൂരിലെ പടിയൂർ ഗ്രാമപഞ്ചായത്തിൽ ഭവനശ്രീ പദ്ധതി പ്രകാരമുള്ള 333 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്. അവർ നോർത്ത് മലബാർ ഗ്രാമീൺ ബാങ്കിൽനിന്നും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൺകൂറിൽനിന്നുമെല്ലാം വായ്പയെടുത്ത് ഭവന നിർമ്മാണം പൂർത്തിയാക്കി. അത് സംബന്ധിച്ചിട്ടുള്ള വായ്പകളെല്ലാം നോർത്ത് മലബാർ ഗ്രാമീണ ബാങ്കിനും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൺകൂറിനും ഗവൺമെന്റ് നൽകി, തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്ന് ഈ ആനുകൂല്യങ്ങൾ നൽകി. എന്നാൽ പടിയൂർ ഗ്രാമ പഞ്ചായത്തിന്റെ 74 പാവപ്പെട്ടരായ, വീടില്ലാത്ത, ഭവനരഹിതരായിട്ടുള്ള ഗുണഭോക്താക്കൾക്ക് വായ്പ കൊടുത്തത് പടിയൂർ സർവ്വീസ് സഹകരണ ബാങ്കാണ്. ആ സഹകരണ ബാങ്കിലെ ഗുണഭോക്താക്കൾക്ക് മാത്രം ഈ ആനുകൂല്യം കൊടുത്തിട്ടില്ല. എല്ലാ ബാങ്കുകളിൽ നിന്നും നൽകിയിട്ടുള്ള വായ്പാ തുകകൾ ഗവൺമെന്റ് കൊടുക്കും. പടിയൂർ ഗ്രാമപഞ്ചായത്തിലെ പടിയൂർ സഹകരണ

ബാങ്കിൽനിന്ന് വായ്പ കൊടുത്തിട്ടുള്ളവർക്ക് ഗവൺമെന്റ് ഈ ആനുകൂല്യം നിഷേധിച്ചിരിക്കുകയാണ്. ഒരു ന്യായവുമില്ല. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൺകൂറിൽ നിന്നും നോർത്ത് മലബാർ ഗ്രാമീൺ ബാങ്കിൽ നിന്നും വായ്പയെടുത്തിട്ടുള്ളവരുടെ പണം അടക്കുകയും അവരുടെ ആധാരമെല്ലാം തിരിച്ചുകൊടുക്കുകയും ചെയ്തിട്ടുള്ളതാണ്. അതുകൊണ്ട് 74 പേർക്കുകൂടി ഈ ആനുകൂല്യം നൽകുന്നതിന് വേണ്ട അടിയന്തരനടപടികൾ സ്വീകരിക്കണമെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിപ്പെടുത്തുന്നതിനാണ് ഈ സബ്മിഷൻ.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): സർ, കുടുംബശ്രീ സി.ഡി.എസുകൾ മുഖേന സംസ്ഥാനത്തെ ദാരിദ്ര്യ വിഭാഗത്തിൽപ്പെട്ടവർക്കായി ഭവനശ്രീ എന്ന പേരിൽ ഒരു വായ്പാപദ്ധതി നടപ്പിലാക്കിയിരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനും ഭവന പുനരുദ്ധാരണത്തിനും ഏകദേശം 184 കോടി രൂപ വായ്പയായി ബാങ്കുകൾ മുഖേന നൽകിയിരുന്നു. 2009-10-ൽ ഭവന വായ്പ എഴുതിത്തള്ളിയത് ഭവനശ്രീ വായ്പയുടെ തിരിച്ചടവിന് പ്രതികൂലമായി ബാധിച്ചിരുന്നു. കൂടാതെ ഇ.എം.എസ്. ഭവനപദ്ധതി പ്രാബല്യത്തിൽ വരുമ്പോൾ ഭവനശ്രീ പദ്ധതി ഗുണഭോക്താക്കളെപോലെ പാവപ്പെട്ടവർക്ക് മുഴുവൻ ഹൗസിംഗ് ഗ്രാന്റും ലഭ്യമാകുന്ന സാഹചര്യത്തിൽ നിലവിലുള്ള ഭവനശ്രീ ഗുണഭോക്താക്കൾ തിരിച്ചടവിന്റെ ബാധ്യത തുടരുന്നത് നീതീകരി

ക്കാവുന്നതല്ലെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ 2010-11 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്തുത വായ്പ സർക്കാർ ഏറ്റെടുക്കുമെന്ന് പ്രസ്താവിക്കുകയും കുടുംബശ്രീയുടെ 12-ാം വാർഷിക ദിനത്തിൽ വായ്പ സർക്കാർ ഏറ്റെടുക്കുന്നതായി പ്രഖ്യാപിക്കുകയും ചെയ്തു. കൊമേഷ്യൽ ബാങ്കുകളെ ഉൾപ്പെടുത്തികൊണ്ടുള്ള ഒരു പദ്ധതിയെന്ന നിലയിലാണ് ഭവനശ്രീ പദ്ധതി നടപ്പിലാക്കിയത്. എന്നാൽ ഈ പദ്ധതിയുടെ പരിധിയിൽ പെടാതെ സഹകരണ ബാങ്കുകളും സഹകരണ സൊസൈറ്റികളും വായ്പ അനുവദിച്ചു. ഭവനശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തി  വായ്പ അനുവദിച്ചിട്ടുണ്ടെന്ന് സഹകരണ ബാങ്കുകളിൽനിന്ന് അറിയിപ്പൊന്നും ലഭിച്ചിരുന്നുമില്ല. കൊമേഷ്യൽ ബാങ്കുകളുടെ വായ്പ സർക്കാർ ഏറ്റെടുത്ത് ഉത്തരവായതിനുശേഷമാണ് സഹകരണ ബാങ്കുകൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പ നൽകിയ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടത്. ചില സ്ഥലങ്ങളിലെ പഞ്ചായത്തുകളിൽ കുടുംബശ്രീ മിഷന്റെ കീഴിൽ വരുന്ന അയൽക്കൂട്ടങ്ങളിൽ സഹകരണ ബാങ്കുകളിൽ മാത്രമേ അക്കൗണ്ടുള്ളൂവെന്നതിനാൽ നിരവധി ഗുണഭോക്താക്കൾ സഹകരണ ബാങ്കിൽ നിന്നാണ് വായ്പ എടുത്തിട്ടുള്ളത്. ദേശസാൽകൃത ബാങ്ക് മുഖേന നൽകിയ വായ്പ സർക്കാർ ഏറ്റെടുത്ത സാഹചര്യത്തിൽ സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വഴി നടപ്പാക്കിയ ഭവനശ്രീ പദ്ധതി വായ്പയുടെ തിരിച്ചടവ് ഗുണഭോക്താക്കൾ നിറുത്തിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ സഹകരണ ബാങ്കിൽ

നിന്നുമെടുത്ത വായ്പകളുടെ ബാധ്യതകൂടി സർക്കാർ ഏറ്റെടുക്കണമെന്ന ശുപാർശ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിന് നൽകിയിട്ടുണ്ട്. ജില്ലകളിൽ സഹകരണ ബാങ്കുകളുടെ അദാലത്തുകൾ നടത്തി ലഭ്യമായ കണക്കിന്റെ അടിസ്ഥാനത്തിൽ 3543 ഗുണഭോക്താക്കൾക്ക് വായ്പാതുക ഏകദേശം 16,43,10,585 രൂപ നൽകിയതായിട്ടാണ് അറിവ്. അതിൽ തിരിച്ചടവ് 12,16,44,417 രൂപ ബാങ്കുകൾക്ക് കിട്ടാനുണ്ടെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. കല്ല്യാട് സഹകരണ ബാങ്കുവഴി ലോൺ എടുത്തിട്ടുള്ള 79 ഗുണഭോക്താക്കളുടെ 39,50,000 രൂപ ഇതിൽ ഉൾപ്പെടും. സഹകരണ ബാങ്കുകൾ വഴി നൽകിയ ഭവനശ്രീ വായ്പയും സർക്കാർ ഏറ്റെടുക്കുന്ന കാര്യം ധനവകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ച് വരികയാണ്. ഇക്കാര്യത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് കല്ല്യാട് സഹകരണ ബാങ്കുവഴി ലോൺ എടുത്തിട്ടുള്ള 79 ഗുണഭോക്താക്കളുടെ ആവശ്യത്തിലും തീരുമാനമുണ്ടാകുന്നതാണ്.

**കെട്ടിട നിർമ്മാണങ്ങൾക്ക് പ്രത്യേക നിബന്ധനകൾ**

ശ്രീ. സി. പി. മുഹമ്മദ്: സർ, കേരളം നേരിടുന്ന അതിഗൗരവമായ കാര്യങ്ങളാണ് വൈദ്യുതി ക്ഷാമവും കുടിവെള്ളക്ഷാമവും മലിനീകരണവും. ഇവ പരിഹരിക്കുവാൻ അലാവുദ്ദീന്റെ അത്ഭുത വിളക്കൊന്നും സർക്കാരിന്റെ കയ്യിലില്ല. വീടുനിർമ്മാണത്തിന് കോടികൾ ചെലവഴിക്കുന്ന സംസ്ഥാനമാണ് കേരളം. വാതിലിന് ആറും ഏഴും ലക്ഷവും ലോക്കിന് ഒന്നര ലക്ഷവും രണ്ട് ലക്ഷവുമൊക്കെ ചെലവഴിക്കുന്നവരെ കാണാം. സോളാർ വൈദ്യുതി യൂണിറ്റ്, മഴവെള്ള സംഭരണി, മാലിന്യ സംസ്ക്കരണ പ്ലാന്റ്, സ്ഥലമുള്ളിടത്ത് പച്ചക്കറിത്തോട്ടം ഇവ അനിവാര്യമായും വീട് നിർമ്മാണത്തിനും കെട്ടിട നിർമ്മാണത്തിനും നിർബന്ധമാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം.

പഞ്ചായത്തു സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, 15 സെന്റിലധികം വരുന്ന സ്ഥലങ്ങളിൽ കെട്ടിട നിർമ്മാണങ്ങൾക്ക് പ്രത്യേകിച്ച് വീടുകൾക്ക് അനുവാദം നൽകുമ്പോൾ വൈദ്യുതിക്ക് സോളാർ പാനൽ, മലിനീകരണ നിർമ്മാർജ്ജന പ്ലാന്റ്, മഴവെള്ള സംഭരണി, പച്ചക്കറിതോട്ടം എന്നിവ നിർബന്ധമാക്കുന്നതിന് നിയമം കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ടതാണ് വിഷയം. 500 ചതുരശ്രമീറ്ററിലധികം പ്ലിന്ത് ഏരിയയുള്ള ഗ്രൂപ്പ് എ1, ഗ്രൂപ്പ് എ2, ഗ്രൂപ്പ് സി, ഗ്രൂപ്പ് ഡി എന്നീ കെട്ടികടങ്ങൾക്ക് സോളാർ വാട്ടർ ഹീറ്റർ സിസ്റ്റം

അഥവാ സോളാർ ലൈറ്റിംഗ് സിസ്റ്റം നൽകണമെന്ന വ്യവസ്ഥ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം 16 (ബി)ലും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം 17-ലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഭൂവിസ്തൃതി 15 സെന്റിൽ കൂടുതലാണെങ്കിലും കെട്ടിടത്തിന്റെ വിസ്തൃതി വളരെ കുറവായി വരുന്ന സാഹചര്യത്തിൽ സോളാർ പാനൽ നിർബന്ധമാക്കിക്കൊണ്ടുള്ള നിബന്ധന വ്യവസ്ഥ ചെയ്യുന്നത് പ്രായോഗികമല്ല. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ചട്ടം 26(എ), കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 30 എന്നിവയിൽ സുരക്ഷിതമായി മാലിന്യം ഡിസ്പോസ് ചെയ്യുന്നതിനുള്ള സംവിധാനമുണ്ടായിരിക്കണമെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. മാലിന്യത്തിന്റെ തരം, മാലിന്യത്തിന്റെ വ്യാപ്തി, അളവ് സംസ്കരണത്തിന് ലഭ്യമായ സാങ്കേതിക വിദ്യകൾ സംവിധാനം ഉപയോഗിക്കേണ്ട സ്ഥലത്തിന്റെയും ചുറ്റുപാടിന്റെയും പ്രത്യേകതകൾ എന്നീ വിവിധ വിഷയങ്ങളെക്കുറിച്ച് മാലിന്യസംസ്കരണത്തിനുള്ള സംവിധാനത്തിൽ തരം മാറുമെന്നതിനാൽ മാലിന്യ സംസ്കരണ സംവിധാനങ്ങളുള്ള വ്യവസ്ഥയെക്കുറിച്ച് കെട്ടിടനിർമ്മാണച്ചട്ടങ്ങളിൽ കൂടുതൽ പ്രതിപാദിക്കുന്നത് പ്രായോഗിമല്ല. പുതിയ കെട്ടിട നിർമ്മാണത്തിൽ മഴവെള്ള സംഭരണിയും ഭൂഗർഭ പുനപോഷണ സംവിധാനവും നിഷ്കർഷിച്ചുകൊണ്ടുള്ള വ്യവസ്ഥകൾ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ അദ്ധ്യാം 16 (എ) കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ 16 ചട്ടം 101,

102 എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പച്ചക്കറി തോട്ടമുണ്ടാക്കുന്നത് ഉടമയുടെ വ്യക്തിപരമായ താൽപര്യവും ആവശ്യവും സാഹചര്യങ്ങളുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ഇതുസംബന്ധിച്ച് നിർബന്ധിത വ്യവസ്ഥ കെട്ടിടനിർമ്മാണ ചട്ടത്തിൽ ഉൾപ്പെടുത്തുന്നത് പ്രായോഗിമല്ല. കെട്ടിട ചട്ടങ്ങളിൽ അല്ലെങ്കിൽ കൂടിയും ഇത് നാലും വളരെ അനിവാര്യമായ കാര്യമായതിനാൽ ഇതിനെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി പഞ്ചായത്ത് കൂടുതൽ താൽപ്പെര്യമെടുക്കുകയും അതിനുവേണ്ടിയുള്ള അവബോധം ജനങ്ങളിലുണ്ടാക്കുന്നതിന് കാര്യക്ഷമമായി പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നതാണ്.

## 'ക്ഷീരസാഗരം' പദ്ധതി

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ഇടുക്കി ജില്ലാ പഞ്ചായത്ത് പാലുല്പാദനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് 'ക്ഷീരസാഗരം' പദ്ധതി. കഴിഞ്ഞ എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് ഫലപ്രദമായി നടപ്പിലാക്കിയ ഒരു പദ്ധതിയാണിത്. ഈ പദ്ധതി നടപ്പിലാക്കിയാൽ ജില്ലയിൽ പാലുല്പാദനം വൻതോതിൽ വർദ്ധിക്കുമെന്ന കാര്യത്തിൽ സംശയമില്ല. അഞ്ച് കുടുംബങ്ങളടങ്ങുന്ന ഒരു യൂണിറ്റായിട്ടാണ് ഇത് പ്രവർത്തിക്കുന്നത്. ഒരു കുടുംബത്തിന് 20,000/- രൂപ തൊഴുത്ത് നിർമ്മിക്കുന്നതിനും 60,000/- രൂപ പശുവിനെ വാങ്ങുന്നതിനുമായി ഒരു യൂണിറ്റിന് 4,00,000/- രൂപയാണ് അനുവദിക്കുന്നത്. ജില്ലാ പഞ്ചായത്ത് 1,50,000/- രൂപയും ജില്ലാ കുടുംബശ്രീ മിഷൻ 50,000/- രൂപയും ബാങ്ക് വായ്പയായി 2,00,000/- രൂപയുമെന്ന കണക്കിലാണ് പണം നൽകേണ്ടത്. ഇതിൽ ജില്ലാ കുടുംബശ്രീ മിഷൻ വിഹിതം അടയ്ക്കാത്തതുകൊണ്ട് പദ്ധതി നടപ്പിലായിട്ടില്ല. മുൻകൂറായി തൊഴുത്ത് നിർമ്മിക്കുകയും പശുവിനെ വാങ്ങുകയും ചെയ്താൽ മാത്രമേ പണം നൽകുകയുള്ളൂ. കടമെടുത്തും മറ്റും പശുവിനെ വാങ്ങുകയും തൊഴുത്ത് നിർമ്മിക്കുകയും ചെയ്തിട്ടുള്ള കുടുംബങ്ങൾ ഇപ്പോൾ വലിയ പ്രതിസന്ധിയിലാണ്. അതുകൊണ്ട് അടിയന്തരമായി ജില്ലാ പഞ്ചായത്തിന് ജില്ലാ കുടുംബശ്രീ മിഷൻ

അടയ്ക്കാനുള്ള പണം അടച്ച് പദ്ധതി നടപ്പിലാക്കാനുള്ള നിർദ്ദേശം നൽകണമെന്നഭ്യർത്ഥിക്കുന്നു.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ഇടുക്കി ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം ഇടുക്കി ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ക്ഷീരസാഗരം പദ്ധതി നടപ്പിലാക്കുന്നതിന് 30-01-2012-ൽ ചേർന്ന കുടുംബശ്രീ എക്സിക്യു ട്ടീവ് കമ്മിറ്റി തീരുമാനിക്കുകയും 8.62 കോടി രൂപ അടങ്കൽ തുക യ്ക്കുള്ള ക്ഷീരസാഗരം 2012-13 പദ്ധതി നടപ്പിലാക്കുന്നതിന് കുടും ബശ്രീ എക്സിക്യുട്ടീവ് ഡയറക്ടർ 02-03-2012-ന് അനുമതി നൽകു കയും ചെയ്തിരുന്നു. പ്രസ്തുത പദ്ധതിയിൽ പശുവളർത്തൽ യൂണിറ്റു കൾക്ക് നൽകുന്ന കുടുംബശ്രീ സബ്സിഡി 10,000/- രൂപയിൽനിന്നും ഇടുക്കി ജില്ലയിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് 20,000/- രൂപയായി പുതുക്കി നിശ്ചയിക്കുന്നതിനും കുടുംബശ്രീ മിഷൻ അനുമതി നൽകിയിരുന്നു. നിലവിലുള്ള പദ്ധതിപ്രകാരം ക്ഷീരസാഗരം പദ്ധതിയിലെ നേച്ചർ ഫ്രെഷ് കാലിത്തൊഴുത്തിന്റെ യൂണിറ്റ് കോസ്റ്റ് 20,000/- രൂപയായി നിജപ്പെടുത്തിയിരുന്നു. 50 ശതമാനം സബ്സിഡിയാണ് അനുവദനീയമാ യിട്ടുള്ളത്. എന്നാൽ ക്ഷീരോല്പാദനം വഴി വരുമാനം കിട്ടുന്നതിനാവശ്യ മായ സൗകര്യങ്ങളൊരുക്കുന്നതിന് ദരിദ്രരായ ഗുണഭോക്താക്കൾ ബുദ്ധി

മുട്ട് നേരിടുന്നുവെന്നതും ഇടുക്കി ജില്ലയിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്തും ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ ക്ഷീരസാഗരം പദ്ധതിയിലെ നേച്ചർ ഫ്രഷ് കാലിത്തൊഴുത്തിന്റെ യൂണിറ്റ് കോസ്റ്റ് പരിധിയിൽ ഇളവ് നൽകി 40,000/- രൂപയാക്കി വർദ്ധിപ്പിക്കുന്നതിനും അതിന്റെ 50 ശതമാനം തുക സബ്സിഡിയായി അനുവദിക്കുന്നതിനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇടുക്കി കുടുംബശ്രീ ജില്ലാ മിഷന് തുക അനുവദിക്കുന്നതാണ്.

**കടമക്കുടി, മുളവുകാട് ദ്വീപ് പഞ്ചായത്തുകളിൽ പി.എച്ച് സെന്ററുകൾ**

ശ്രീ. എസ്. ശർമ്മ: സർ, വൈപ്പിൻ നിയോജകമണ്ഡലത്തിൽപ്പെട്ട രണ്ട് ദ്വീപ് പഞ്ചായത്തുകളാണ് കടമക്കുടി, മുളവുകാട് എന്നിവ. 9 ചെറിയ ദ്വീപുകൾ ചേർന്നതാണ് കടമക്കുടി പഞ്ചായത്ത്. അവിടെ ചികിത്സാ സൗകര്യത്തിനുള്ള ആശ്രയം പിഴല പി.എച്ച് സെന്ററാണ്. 1972 -ൽ സ്ഥാപിച്ച ഈ സ്ഥാപനത്തിൽ മുൻകാലങ്ങളിൽ രോഗികളെ കിടത്തി ചികിത്സിച്ചിരുന്നു. അതിപ്പോൾ നിർത്തൽ ചെയ്തിരിക്കുകയാണ്. എട പ്പള്ളി ബ്ലോക്കിന് കീഴിൽ ബ്ലോക്ക് പ്രൈമറി ഹെൽത്ത് സെന്ററായി ഉയർത്തിയ പിഴല പി.എച്ച്. സെന്ററിൽ 28 ജീവനക്കാരെ അനുവദിച്ചിട്ടു ണ്ടെങ്കിലും ഭൂരിപക്ഷം ജീവനക്കാരുടെയും സേവനം അവിടെ ലഭിക്കുന്നി ല്ല. വർക്കിംഗ് അറേഞ്ച്മെന്റിലും ഡെപ്യൂട്ടേഷനിലുമായി അവർ അവിടെ നിന്ന് പോവുകയാണ്. മറ്റൊരു ദ്വീപ് പഞ്ചായത്തായ മുളവുകാടുള്ള പ്രാഥമികാരോഗ്യ കേന്ദ്രവും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഡോക്ട റുൾപ്പെടെ 21 ജീവനക്കാരെ അനുവദിച്ചിട്ടുണ്ടെങ്കിലും പകുതിയോളം തസ്തികയും ഒഴിഞ്ഞുകിടക്കുകയാണ്. കിടത്തി ചികിത്സിക്കുന്നതിനാവ ശ്യമായ കെട്ടിട മുൾപ്പെടെ എല്ലാവിധ സംവിധാനങ്ങളും അവിടെയുണ്ട്. എറണാകുളം ജില്ലയിലെ മറ്റ് പ്രദേശങ്ങളിൽനിന്നും വ്യത്യസ്തമായി ഉപ്പു വെള്ളത്താൽ ചുറ്റപ്പെട്ട ദ്വീപ് സമൂഹങ്ങളായ കടമക്കുടി, മുളവുകാട് എന്നീ ദ്വീപുകളിലെ നിവാസികൾക്ക് ചികിത്സക്കായി രാത്രികാലങ്ങളിൽ

വളരെ പ്രയാസപ്പെടേണ്ടി വരുന്നുണ്ട്. കാലവർഷത്തിന്റെ വരവോടെ പകർച്ചവ്യാധികൾ നിർദ്ധനരായ ദ്വീപ് നിവാസികളുടെ ജീവിതം ദുഷ്കര മാക്കിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഇപ്പോഴുള്ള പ്രാഥമികാരോ ഗ്യ കേന്ദ്രം പോലും ഫലപ്രദമായി പ്രവർത്തിക്കാത്ത ദു:ഖകരമായ അവ സ്ഥായാണ് അവിടെയുള്ളത്. ഈ രണ്ട് സെന്ററുകളും കഴിഞ്ഞ ദിവസം ഞാൻ സന്ദർശിക്കുകയുണ്ടായി. ജനങ്ങളുടെയിടയിൽ അതിശക്തമായ പ്രതികരണങ്ങളാണ് ഉയർന്നുവന്നിട്ടുള്ളത്. ഈ സാഹചര്യവുംകൂടി കണക്കി ലെടുത്താണ് ഈ സബ്മിഷൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽക്കൊ ണ്ടുവരുന്നത്. കടമക്കുടി ദ്വീപിലെ പിഴലയിലുള്ള പ്രാഥമികാരോഗ്യകേ ന്ദ്രത്തിലും മുളവുകാട് ദ്വീപിലെ മുളവുകാട് പ്രാഥമികാരോഗ്യകേ ന്ദ്രത്തിലും കിടത്തി ചികിത്സിക്കുന്നതിനാവശ്യമായ സൗകര്യങ്ങളുണ്ടാ ക്കുന്നതിനും ആശുപത്രി യുടെ ഉന്നമനത്തിനും നിലവിലുള്ള അനുവദി ക്കപ്പെട്ട ജീവനക്കാരെ അവിടെ നിയമിക്കുന്നതിനും നടപടി സ്വീകരിക്ക ണം. മെഡിക്കൽ സർവീസ് കോർപ്പറേഷൻ വഴി മരുന്ന് ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ ലഭ്യമാകാതെ വന്നാൽ രോഗി മരിക്കുന്നതിനേ ക്കാൾ നല്ലത് ലോക്കൽ പർച്ചേസ് നടത്തുന്നതിനുള്ള, ദ്വീപിന്റെ പ്രത്യേക തകൾകൂടി കണക്കി ലെടുത്ത്, നടപടി സ്വീകരിക്കണം. ഫ്ളോട്ടിംഗായി ട്ടുള്ള ഡിസ്പെൻസറിയും ഈ ദ്വീപിൽ പ്രവർത്തിക്കുന്നുണ്ട്. മരുന്നിന്റെ കുറവുമൂലം അതിന്റെ പ്രവർത്തനം മുന്നോട്ടുപോകാൻ കഴിയുന്നില്ല. 9 ദ്വീപിലും ബോട്ട് പോയാണ് ഇത് ചെയ്യുന്നത്. ഇക്കാര്യത്തിൽ ഞാൻ

രണ്ടുപ്രാവശ്യം ബഹുമാനപ്പെട്ട മന്ത്രിക്ക് നിവേദനം നൽകിയിരുന്നു. ഗൗരവകരമായ ഇടപെടൽ നടന്നതായി തോന്നിയില്ല. ആ സാഹചര്യത്തി ലാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. അടിയന്തര നടപടി സ്വീകരിക്ക ണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, മുളവുകാട് പി.എച്ച്.സി സ്ഥിതി ചെയ്യുന്നത് മുളവുകാട് പഞ്ചായത്തിലാണ്. 24 കിടക്കകളുള്ള ഒരു വാർഡ് ഗോശ്രീ ആന്റ് ഡെവലപ്മെന്റ് അതോറിറ്റി ഇവിടെ നിർമ്മിച്ചു. എന്നാൽ ഈ വാർഡ് നാളിതുവരെ ആരോഗ്യവകുപ്പിന് കൈമാറിയിട്ടില്ല. ഇക്കാര്യത്തിൽ പഞ്ചായത്തുമായി എഴുത്തുകുത്തുകൾ നടക്കുകയാണ്. എങ്കിലും കിടക്ക കളുടെ എണ്ണം കണക്കിലെടുത്ത് സ്റ്റാഫ് നഴ്സിന്റെ 4 തസ്തികകളും അസിസ്റ്റന്റ് സർജന്റെ 3 തസ്തികകളും 2004-ൽ സൃഷ്ടിച്ചു. 2009-ലാണ് നഴ്സുമാരുടെ ഒഴിവുകൾ നികത്തിയത്. ഇവിടത്തെ ശരാശരി ഒ.പി. 150 -200 ആണ്. ഇതിനെല്ലാമുപരിയായി ഐ.പി നടത്താനുള്ള മറ്റ് സൗകര്യ ങ്ങളില്ലാത്തതിനാൽ ഐ.പി. തുടങ്ങിയിട്ടില്ല. വൈപ്പിൻ എറണാകുളം പാലങ്ങൾ വന്നതോടെ മുളവുകാടിന്റെ പിന്നോക്കാവസ്ഥ മാറിയിട്ടുണ്ട്. 5 മിനിട്ടുകൊണ്ട് വാഹനത്തിൽ എറണാകുളം ജനറൽ ആശുപത്രിയിലെ ത്താം. ഈ സാഹചര്യത്തിലാണ് ഐഡിലായ മൂന്ന് സ്റ്റാഫ് തസ്തിക ഡിപ്ലോയ് ചെയ്ത് എറണാകുളം ജനറൽ ആശുപത്രിയിലേയ്ക്കും

പോത്താനിക്കാട് ജനറൽ ആശുപത്രിയിലേയ്ക്കും മാറ്റിയത്. 4 കിലോമീറ്ററിനുള്ളിൽ ജനറലാശുപത്രിയുള്ളതിനാൽ ഇവിടെ കിടത്തി ചികിത്സ വിജയകരമാവില്ല. കടമക്കുടി ദ്വീപിലെ പിഴല പി.എച്ച്.സി-യിൽ 2 അസിസ്റ്റന്റ് സർജന്റെയും 3 സ്റ്റാഫ് നഴ്സിന്റെയും ഒരു ഹെഡ് നഴ്സിന്റെയും തസ്തികകളാണുള്ളത്. എൻ.ആർ.എച്ച്.എം-ന്റെ ആഭിമുഖ്യത്തിൽ ഒരു ഫ്ളോട്ടിംഗ് ഡിസ്പെൻസറിയും ആയതിന് പ്രത്യേകിച്ച് ഡോക്ടറും ജീവനക്കാരും നിലവിലുണ്ട്. രോഗികൾക്ക് പിഴല പി.എച്ച്.സി-യിൽ എത്തിച്ചേരാൻ യാത്രാബുദ്ധിമുട്ടുണ്ട്. അവിടെ ശരാശരി ഒ.പി. 100–150 ആണ്. ഇവിടെ ഐ.പി പ്രവർത്തിക്കുന്നില്ല. അവിടെ ചെല്ലുന്നതിനുമുമ്പ് രോഗികൾക്ക് കൂടുതൽ സൗകര്യമുള്ള എറണാകുളം ജനറൽ ആശുപത്രിയിലോ പറവൂർ താലൂക്കാശുപത്രിയിലോ എത്തിച്ചേരാൻ കഴിയും. ഇപ്പോൾ കടമക്കുടി, മൂലമ്പിള്ളി തുടങ്ങിയ പ്രദേശങ്ങളിലൂടെ പുതിയ കണ്ടയിനർ റോഡ് വന്നതിനാൽ പ്രദേശത്തിന്റെ യാത്രാ സൗകര്യം വർദ്ധിച്ചിട്ടുണ്ട്. ഇവിടെ യാത്രാസൗകര്യം കൂടുമ്പോൾ സ്വാഭാവികമായും കൂടുതൽ നല്ല ചികിത്സ കിട്ടുന്ന ആശുപത്രികളെ രോഗികൾ അഭയം പ്രാപിക്കും. നിലവിൽ പരമാവധി സൗകര്യമുപയോഗപ്പെടുത്തി രോഗികൾക്ക് ചികിത്സ ലഭ്യമാകുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അതോടൊപ്പം നിലവിലുള്ള ജീവനക്കാരുടെ സേവനം ലഭ്യമാകുന്നില്ലെന്ന് പറഞ്ഞത് പരിശോധിക്കുന്നതാണ്. പിഴല ആശുപത്രിയിൽ ലോക്കൽ

പർച്ചേസ് നടത്തുന്ന കാര്യത്തെക്കുറിച്ച് സൂചിപ്പിച്ചത് മെഡിക്കൽ സർവീസ് കോർപ്പറേഷനുമായി ബന്ധപ്പെട്ട് അവിടെ എന്താണ് സൗകര്യ ങ്ങളുള്ളത് എന്നാലോചിച്ച് മരുന്നുകൾ എത്തിക്കുന്നതിനുവേണ്ടിയുള്ള ന ടപടികൾ സ്വീകരിക്കുന്നതാണ്.

## പൊതുജനാരോഗ്യ നിയമം

ശ്രീ. ടി. എ. അഹ്മ്മദ് കബീർ: സർ, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 3,4,5 പട്ടികയിലും കേരള മുൻസിപ്പാലിറ്റി ആക്ടിലെ 5-ാം പട്ടികയിലും പൊതുജനാരോഗ്യം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. നിർഭാഗ്യവശാൽ പൊതുജനാരോഗ്യത്തിൽ രണ്ട് നിയമങ്ങളാണുള്ളത്. ട്രാവൻകൂർ കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ടും 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടും. മദ്രാസ് ആക്ട് തൃശ്ശൂർ മുതൽ കാസർഗോഡ് വരെയും തെക്കൻ ജില്ലകളിൽ ട്രാവൻകൂർ കൊച്ചിൻ ആക്ടുമാണ് നിലനിൽക്കുന്നത്. അതുകൊണ്ട് ഇതിന്റെ പ്രവർത്തനങ്ങൾക്ക് വളരെയധികം അസൗകര്യങ്ങളുണ്ട്. അതിനാൽ ഈ നിയമങ്ങൾ ഏകോപിപ്പിച്ച് ഒരു പൊതു നിയമം കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. ഇതുപോലെ വേറെയും മേഖലകളുണ്ടാകാം. അതും കൂടി പരിശോധിക്കാൻ മറ്റ് മന്ത്രിമാർ ശ്രമിക്കണമെന്നുകൂടി ഈ സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവരുന്നതിനു വേണ്ടിയാണ് ഈ സബ്മിഷൻ. അവതരിപ്പിക്കുന്നത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ) : സർ, സംസ്ഥാനത്ത് പൊതുവായ പൊതുജനാരോഗ്യ നിയമം ഉണ്ടാകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത്. സംസ്ഥാനത്ത് ഏകീകൃതവും

ഫലപ്രദവുമായ പൊതുജനാരോഗ്യ നിയമം നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. 1955-ലെ ട്രാവൻകൂർ-കൊച്ചി പൊതുജനാരോഗ്യ നിയമവും 1935-ലെ മദ്രാസ് പൊതുജനാരോഗ്യ നിയമവും ഏകീകരിച്ച് ഇപ്പോഴുള്ള പൊതുജനാരോഗ്യ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ആരോഗ്യവകുപ്പ് ഡയറക്ടർ പൊതുജനാരോഗ്യ ബില്ലിന്റെ കരട് തയ്യാറാക്കി പരിശോധിക്കുന്നതിനായി സമർപ്പിച്ചിരുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, കോട്ടയം, ആലപ്പുഴ, എറണാകുളം ജില്ലകൾ ഉൾപ്പെട്ട 1955-ലെ ട്രാവൻകൂർ-കൊച്ചി പൊതുജനാരോഗ്യ നിയമവും തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകൾ ഉൾപ്പെട്ട 1935-ലെ മദ്രാസ് പൊതുജനാരോഗ്യ നിയമവും ഏകീകരിച്ചുകൊണ്ടാണ് പ്രസ്തുത കരട് പൊതുജനാരോഗ്യ ബിൽ തയ്യാറാക്കിയിട്ടുള്ളത്. ഏകീകരിച്ച പൊതുജനാരോഗ്യ നിയമം നിലവിൽ വന്നാൽ മാത്രമേ മാലിന്യ നിർമ്മാർജ്ജനം, ജല വായു മലിനീകരണം, വിഷം കലർന്ന ആഹാരം എന്നിവ കൊണ്ടുള്ള ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സാധിക്കുകയുള്ളു. തിരുവിതാംകൂർ-കൊച്ചി പൊതുജനാരോഗ്യ നിയമവും മദ്രാസ് പൊതുജനാരോഗ്യ നിയമവും ഏകീകരിച്ച് പബ്ലിക് ഹെൽത്ത് ബിൽ പാസ്സാക്കുന്ന കാര്യത്തിൽ തടസ്സമില്ലെന്ന് നിയമവകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്. പ്രസ്തുത നിയമം നിർമ്മിക്കുന്നതിനുള്ള കരട് ബിൽ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്.

**സബ്ട്രഷറി**

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഏറെവർഷക്കാലമയി ശാസ്താംകോട്ടയിൽ പ്രവർത്തിക്കുന്ന സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 70 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഇതിന്റെ നിർമ്മാണ പ്രവർത്തനജോലി ഇൻകെൽ എന്ന ഏജൻസിയെയാണ് ഏൽപ്പിച്ചിരുന്നത്. എന്നാൽ നാളിതുവരെ അതിന്റെ ഒരു പ്രവർത്തനവും ആ ഏജൻസി നടത്തിയിട്ടില്ല. നിലവിലുള്ള ട്രഷറി കെട്ടിടം മഴ പെയ്താൽ ചോർന്നൊലിച്ച് വളരെ രൂക്ഷമായിക്കൊണ്ടിരിക്കുന്ന അവസ്ഥയാണ് ഇപ്പോൾ നിലവിലുള്ളത്. പൊടിയും മഴവെള്ളവും ചേർന്ന് ഫയലുകൾ എല്ലാം നശിക്കുകയാണ്. അതുകൊണ്ട് ഈ നിർമ്മാണ ജോലി പി.ഡബ്ല്യു.ഡി. കെട്ടിട വിഭാഗത്തിനെ ഏൽപ്പിച്ചുകൊണ്ട് വളരെ പെട്ടെന്നുതന്നെ ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കണമെന്ന് സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്. ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കും ഇതുസംബന്ധിച്ച് എഴുതിക്കൊടുത്തിരുന്നു. അതുകൊണ്ട് ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രി ഈ പ്രവൃത്തി പി.ഡബ്ല്യു.ഡി. കെട്ടിട വിഭാഗത്തിനെ ഏൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. .

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): സർ, അങ്ങനെ ചെയ്യുന്നതിൽ ബുദ്ധിമുട്ടില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ബഹുമാനപ്പെട്ട മെമ്പർ

ആവശ്യപ്പെട്ടാൽ മതി. കാരണം ഇൻകെലുമായി ഇതുവരെ എഗ്രിമെന്റൊന്നും വച്ചിട്ടില്ല. മാത്രമല്ല, ട്രഷറി വേറെ കെട്ടിടത്തിലേയ്ക്ക് മാറ്റിക്കൊടുക്കുന്ന കാര്യത്തിൽ നടപടിയൊന്നും ഉണ്ടായിട്ടില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ആവശ്യപ്പെട്ടാൽ ഞാനും അതിനെക്കുറിച്ച് പറയാം.

(റിപ്പോർട്ട് സമർപ്പണം)

* * * * * * * * * * * * * * * *